# പതിമൂന്നാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1776      17/06/13-ൽ മറുപടിക്ക്

## ഉൾനാടൻ മത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) ഉൾനാടൻ മത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നല്കിയിരിക്കുന്നത് ; | (എ) ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ ഉൾനാടൻ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും മത്സ്യ സമൃദ്ധി പദ്ധതി, മത്സ്യകർഷക വികസന ഏജൻസി മുഖേന ഉള്ള മത്സ്യകൃഷി പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. മത്സ്യസമൃദ്ധി പദ്ധതിയിലൂടെ കേരളത്തിലെ മത്സ്യോൽപാദനം 1 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>കോൾ നിലങ്ങൾ, പൊക്കാളി നിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ.കൈപ്പാട് നിലങ്ങൾ എന്നിവയിലെ, 'ഒരു നെല്ലും ഒരു മീനും പദ്ധതി' കൂട്ടുകളിലെ മത്സ്യകൃഷി, വള്ളങ്ങളിലെ മത്സ്യകൃഷി, എന്നിവ അഡാക്ക് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ. ജലകൃഷി വികസനത്തിനായി വിത്തുല്പാദന കേന്ദ്രങ്ങൾ, വിത്ത് ഗുണമേന്മ പരിശോധിക്കുന്നതിന് പി.സി.ആർ ലാബുകൾ, ജലകൃഷി പരിശീലനത്തിനായി പൊയ്യാ, എരഞ്ഞോളി എന്നിവടങ്ങളിൽ പ്രദർശന ഫാമുകൾ എന്നിവ അഡാക്കിന്റെ പദ്ധതികളിൽ പെടുന്നുണ്ട്<br><br>കൂടാതെ കേരളത്തിലെ റിസർവോയറുകളിലും പൊതുജലാശയങ്ങളിലും മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപിക്കുന്നതിനുള്ള സാമൂഹ്യ മത്സ്യകൃഷി പദ്ധതിയും രാഷ്ട്രീയ കൃഷി |

വികാസ് യോജന പ്രകാരം ആറ്റു കൊഞ്ച്/കരിമീൻ/ചെമ്മീൻ കൃഷിയും കൂടുകളിലെ മത്സ്യകൃഷിയും വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

(ബി) ഏതെല്ലാം ജില്ലകളിൽ ആണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത് ;

(ബി) മത്സ്യസമൃദ്ധി പദ്ധതി,ഉൾനാടൻ മത്സ്യകൃഷി (75% കേന്ദ്രസഹായം) സാമൂഹിക മത്സ്യകൃഷി എന്നിവ സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 913 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ പങ്കാളികളായിട്ടുണ്ട്.

അഡാക്ക് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ ജില്ലാ വിവരം താഴെപറയും പ്രകാരമാണ്:

I. സംസ്ഥാനാവിഷ്കൃത പദ്ധതികൾ (2012-13)

(1) ആലപ്പുഴ, എറണാകുളം,തൃശ്ശൂർ ജില്ലകളിലെ പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി.
(2) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കുട്ടനാടൻ പാടങ്ങളിലും തൃശ്ശൂർ,മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലെയും ഒരു നെല്ലും ഒരു മീനും പദ്ധതി.
(3) കണ്ണൂർ,കാസർഗോഡ്, കോഴിക്കോട് ജില്ലകളില്ലായി നടപ്പിലാക്കി വരുന്ന കൈപ്പാട് നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി.
(4) മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ, തൃശ്ശൂർ,എറണാകുളം ജില്ലകളിൽ ഓരുജല മത്സ്യകൃഷിയും കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പാടശേഖര മത്സ്യകൃഷിയും നടപ്പിലാക്കി വരുന്നു.

II. കേന്ദ്രാവിഷ്കൃത പദ്ധതികൾ (2012-13)

1) 13-ാം ധനകാര്യകമ്മീഷൻ ധനസഹായത്തോടെ കുട്ടനാടൻ കാർഷിക-പരിസ്ഥിതി പുനരുജ്ജീവനം - സുസ്ഥിര മത്സ്യകൃഷി പദ്ധതി.
2) 13-ാം ധനകാര്യകമ്മീഷൻ ധനസഹായത്തോടെ 'കുട്ടനാടൻ കായലുകളിൽ കൂടുകളിലെ മത്സ്യകൃഷി പദ്ധതി'.
3) 13-ാം ധനകാര്യകമ്മീഷൻ ധനസഹായത്തോടെ ആയിരംതെങ്ങ് ഫാമിനെ കരിമീൻ വിത്തുല്പാദന കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

4) . ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ ജല സംഭരണികളിൽ മത്സ്യവിത്ത് നിക്ഷേപി ക്കൽ പദ്ധതി

5) ആർ.കെ.വി.വൈ 'നിറവ്' പദ്ധതിയിൻ കീഴിൽ തൃശ്ശൂർ ജില്ലയിലെ കൊട്ടങ്ങല്ലൂരും എറണാകുളം ജില്ലയിലെ വടക്കൻ പറവൂരും പൊക്കാളി പാടങ്ങളിലെ ഓരുജല മത്സ്യകൃഷി·

(സി) ഓരോ ജില്ലയ്ക്കും എത്ര തുക അനുവദിച്ചു ; അതിൽ എത്ര തുക ചെലവഴിച്ചു ;

(സി) പദ്ധതിയുടെ ഭാഗമായി ജില്ലകൾക്ക് അനുവദിച്ച തുകയും ചെലവായ തുകയും ചുവടെ ചേർക്കുന്നു:

മത്സ്യസമൃദ്ധി പദ്ധതി.

| ജില്ലകൾ | അനുവദിച്ച തുക (ലക്ഷത്തിൽ ) | | ചെലവഴിച്ച തുക Up to 31/02/13 വരെ (രൂപ) |
|---|---|---|---|
| | സംസ്ഥാനവിഹിതം | FFDA വിഹിതം | |
| തിരുവനന്തപുരം | 20 | 13.35 | 4384471.05 |
| കൊല്ലം | 25 | 15 | 4322051 |
| പത്തനംതിട്ട | 15 | 10 | 2838220 |
| ആലപ്പുഴ | 70 | 40 | 9326474 |
| കോട്ടയം | 20 | 25 | 5769473 |
| ഇടുക്കി | 25 | 5 | 2923743 |
| എറണാകുളം | 20 | 25 | 12828348 |
| തൃശ്ശൂർ | 50 | 20 | 7185557 |
| പാലക്കാട് | 65 | 20 | 4719557 |
| മലപ്പുറം | 25 | 20 | 2947629 |
| കോഴിക്കോട് | 10 | 20 | 2862005 |
| കണ്ണൂർ | 10 | 20 | 1342479 |
| വയനാട് | 10 | 10 | 1875516 |
| കാസർഗോഡ് | 10 | 20 | 2362209 |
| **ആകെ** | **375** | **263.35** | **65687732.05** |

(ഡി) പ്രസ്തുത പദ്ധതിയുടെ ഫലമായി മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞുവോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) മത്സ്യസമൃദ്ധി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ലക്ഷ്യം പൂർത്തീകരിക്കുകയും ശുദ്ധജലാശയങ്ങളിൽ നിന്ന് 14152 ടൺ മത്സ്യവും പാടശേഖരങ്ങളിൽ നിന്ന് 2900 ടൺ മത്സ്യവും ഓരുജലാശയങ്ങളിൽ നിന്ന് 1899 ടൺ ചെമ്മീനും,25 ടൺ കരിമീനും നാളിതുവരെ വിളവെടുപ്പിലൂടെ ലഭ്യമായി ട്ടുണ്ട്.

അഡാക്ക്, കുട്ടനാട്, കോൾ നിലങ്ങളിൽ 2011-12 വർഷത്തിൽ 9.75 ടൺ ആറ്റുകൊഞ്ചും 719.43 ടൺ മത്സ്യവും പൊക്കാളി പാടങ്ങളിൽ 268.78 ടൺ കാരചെമ്മീനും ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. കുട്ടനാട് കോൾ നിലങ്ങളിൽ 2012-13 വർഷത്തിൽ ഭാഗികമായി നടന്ന വിളവെടുപ്പിൽ യഥാക്രമം 78 ടൺ,587 ടൺ മത്സ്യവും കൈപ്പാട് നിലങ്ങളിൽ ഭാഗികമായി നടന്ന വിളവെടുപ്പിൽ 4.3 ടൺ ചെമ്മീനും 120 കിലോഗ്രാം മത്സ്യവും ലഭിച്ചിട്ടുണ്ട്.

(ഇ) പാലക്കാട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് ; ഏതെല്ലാം പഞ്ചായത്തുകളിൽ വിജയകരമായി നടപ്പിലാക്കി ;

(ഇ) പാലക്കാട് ജില്ലയിൽ താഴെപ്പറയുന്ന 55 പഞ്ചായത്തിലും 2 മുനിസിപ്പാലിറ്റിയിലും മത്സ്യസമൃദ്ധി പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| 1 | മുതുതല | 29 | പെരുമാട്ടി |
| 2 | പട്ടാമ്പി | 30 | വടകരപ്പതി |
| 3 | പരുതൂർ | 31 | കൊല്ലങ്കോട് |
| 4 | തിരുവേഗപ്പുറം | 32 | കൊടുവായൂർ |
| 5 | വിളയൂർ | 33 | മുതലമട |
| 6 | ഒറ്റപ്പന | 34 | പട്ടഞ്ചേരി |
| 7 | അനങ്ങനാടി | 35 | പെരുവെമ്പ് |
| 8 | ചളവറ | 36 | വടവന്നൂർ |
| 9 | ലക്കിടിപ്പേരൂർ | 37 | പറളി |
| 10 | വല്ലപ്പുഴ | 38 | പിരായിരി |
| 11 | വാണിയംകുളം | 39 | കണ്ണാടി |
| 12 | ചെറുപ്പളശ്ശേരി | 40 | കോട്ടായി |
| 13 | കടമ്പഴിപ്പുറം | 41 | കുന്നത്തൂർ |
| 14 | ശ്രീകൃഷ്ണപുരം | 42 | കുഴൽമന്നം |
| 15 | വെള്ളിനെഴി | 43 | മാത്തൂർ |
| 16 | അലനെല്ലൂർ | 44 | തേങ്കുറുശ്ശി |
| 17 | കോട്ടോപ്പാടം | 45 | എലപ്പുള്ളി |
| 18 | മങ്കര | 46 | എരുത്തേമ്പതി |
| 19 | മണ്ണൂർ | 47 | നല്ലേപ്പിള്ളി |
| 20 | മുണ്ടൂർ | 48 | അയിലൂർ |
| 21 | മേലാർകോട് | 49 | പുതുക്കോട് |
| 22 | നെന്മാറ | 50 | തരൂർ |
| 23 | പല്ലശ്ശന | 51 | വടക്കഞ്ചേരി |
| 24 | വണ്ടായി | 52 | കൊടുമ്പ് |
| 25 | ആലത്തൂർ | 53 | മരുതറോഡ് |

| | | | |
|---|---|---|---|
| 26 | എരിമയൂർ | 54 | പൂളശ്ശേരി |
| 27 | കാവശ്ശേരി | 55 | പുതുനഗരം |
| 28 | കിഴക്കൻചേരി | 56 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി |
| | | 57 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി |

ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷി, കരിമീൻ കൃഷിയുടെ വിവിധ ഘടകങ്ങളായ കരിമീൻ വിത്ത് ഉല്പാദന വിപണന യൂണിറ്റ്,അടുക്കള കുളത്തിലെ കരിമീൻ കൃഷി, കൂടുകളിലെ കരിമീൻ കൃഷി തുടങ്ങിയവയും നടപ്പിലാക്കി വരുന്നു.

(എഫ്) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ 'മത്സ്യസമൃദ്ധി' പദ്ധതി നടപ്പിലാക്കി ; വിശദാംശം നൽകുമോ ?

(എഫ്) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ താഴെപ്പറയുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കി വരുന്നു.

ഒറ്റപ്പാലം മുനിസിപ്പാലിറ്റി

ലക്കിടി പേരൂർ

ശ്രീകൃഷ്ണപുരം

കടമ്പടിപ്പുറം

ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലായി ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷി, അടുക്കളകുളത്തിലെ കരിമീൻ കൃഷി, എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ